പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ. *527

24.07.2015 -ലെ മറുപടിയ്ക്ക്

## തൊഴിൽ നിയമങ്ങളുടെ പരിഷ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) സംസ്ഥാനത്ത് തൊഴിൽ ചെയ്തുവരുന്ന തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനവും ആരോഗ്യപരിരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്തുന്നതിലേക്കായി 1948-ലെ മിനിമം വേതന നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് എന്നീ നിയമങ്ങൾ ഭേദഗതി നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. 1960-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1959-ലെ പ്ലാന്റേഷൻ ലേബർ ചട്ടങ്ങൾ എന്നിവയും ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ വിവിധ മേഖലകളിലെ തൊഴിലാളികളുടെയും ഇതര സംസ്ഥാനങ്ങളിൽ നിന്നും വന്ന് നമ്മുടെ സംസ്ഥാനത്ത് ജോലി ചെയ്തു വരുന്ന തൊഴിലാളികളുടെയും ജീവിത സാഹചര്യം മെച്ചപ്പെടുത്തുക എന്നതാണ് തൊഴിൽ നിയമങ്ങളുടെ പരിഷ്കരണത്തിലൂടെ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. കേരള സംസ്ഥാനത്തെ തൊഴിൽ മേഖലകളിൽ നിയമം മൂലം യാതൊരു വേതന നിരക്കും നിശ്ചയിക്കപ്പെട്ടിട്ടില്ലാത്ത തൊഴിലാളികൾക്ക് അടിസ്ഥാന നിരക്കിൽ ഒരു കേവലവേതനം അവകാശമാക്കുന്നതിനായുള്ള ബിൽ തൊഴിൽ വകുപ്പ് തയ്യാറാക്കി വരികയാണ്. |
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റിൽ ഒരു തൊഴിൽ നിയമപരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ